ളിലും ഈ ഗവൺമെൻറ് വന്നതിനുശേഷം . ഫർപ്പെടുത്തിയിട്ടുണ്ട്. അതു കൊണ്ട് ആ സ്കൂളിലും അതുണ്ടെന്നുള്ള കാര്യത്തിൽ നൂറു ശതമാനവും ഉറപ്പാണ്. കെട്ടിടത്തിന്റെ അപര്യാപ്തതയെ സംബന്ധിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ച സംഗതി ശരിയാണ്. ഷിഫ്റ്റും അതിപോലെ തന്നെ സെഷണൽ സമ്പ്രദായവും നിലനിൽക്കുന്ന ഒരു സ്കൂളാണ് അത്. അവിടെ അക്കോമഡേഷന്റെ കാര്യത്തിൽ പ്രയാസമുണ്ട്. അതുനുവേണ്ടി നേരത്തെ ഒരു എസ്റ്റിമേറ്റ് എടുക്കുകയും 1980-ൽ അതിനുവേണ്ടി ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. പക്ഷേ ഫണ്ടിന്റെ അപര്യാപ്ത കാരണം പിന്നീട് ആ പ്രവർത്തനം ഏറ്റെടുക്കാൻ കഴിഞ്ഞില്ല. ഇപ്പോഴും അത് മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി ഈ ജോലി ഏറ്റെടുക്കുന്നതിനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിച്ചു വരികയാണ്.

(18) കൊടുങ്ങല്ലൂർ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ മേത്തല പഞ്ചായത്ത് ഉൾപ്പെട്ട പ്രദേശത്ത് ശുദ്ധജല വിതരണം നടത്തുന്നതിനായുള്ള കൊടുങ്ങല്ലൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഉൽഘാടനം കഴിഞ്ഞിട്ട് ഒരു വർഷമായി. എന്നാൽ ഉപ്പുവെള്ളം കുടിച്ചു കഴിയുന്ന പ്രദേശങ്ങളിൽ ആവശ്യമായ എല്ലാ സ്ഥലത്തും പൈപ്പുകളും ഇനിയും ഇട്ടിട്ടില്ല. പൈപ്പുകളും ഇട്ട സ്ഥലത്ത് പൈപ്പുകളും സ്ഥിരമായി പൊട്ടിക്കൊണ്ടിരിക്കുന്നു. അങ്ങനെ പൊതുസ്ഥലത്തെ ടാപ്പുകളിൽപ്പോലും വെള്ളം കിട്ടുന്നില്ല. ഉൽഘാടന ഘട്ടത്തിൽ മൂന്നു മാസത്തിനകം ആവശ്യമായ എല്ലാവർക്കും ഹൗസ് കണക്ഷൻ നൽകുന്നതാണെന്ന് അന്നത്തെ മന്ത്രി പറഞ്ഞിരുന്നു. എന്നാൽ അതിനുള്ള യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ പൈപ്പ് ആവശ്യമുള്ള മുഴുവൻ സ്ഥലത്തും പൈപ്പു ഇടുന്നതിനും പൊതു സ്ഥലത്ത് കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുന്നതിനും ഹൗസ് കണക്ഷൻ എത്രയും വേഗംനൽകുന്നതിനുമുള്ള നടപടികളും സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ഒരു ഓൺഗോയിങ്ങ് പ്രോജക്ട് ആണ്. ഇതിന്റെ പണി നടന്നു കൊണ്ടിരിക്കുകയാണ്. ഇവിടെ 300 പൈപ്പ് ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പൈപ്പ് ലൈനിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. അതുപ്പോലെ തന്നെ പബ്ലിക്ക് ടാപ്പ്സ് വേറെ നിർമ്മിക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. ഹൗസ് കണക്ഷൻസ് കൊടുക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്.

(19) കണിയാംപറയിലെ ഇരട്ട കൊലപാതകം

ശ്രീ. സിറിയക് ജോൺ : സർ, അങ്ങയുടെ പാർട്ടിയുടെ മുഖപത്രമായ 'ചന്ദ്രിക' യിൽ വന്ന വാർത്തയുടെ പ്രസക്തമായ ഒരു ഭാഗം ഞാൻ വായിക്കാം. 'ഇരട്ടക്കൊല' കണിയാമ്പറ ദുഃഖത്തിന്റെ കരിനിഴലിൽ ...."മനുഷ്യമനസാക്ഷിയെഞെട്ടിച്ച കണിയാമ്പറയിലെ ഭീകരമായ ഇരട്ടക്കൊലപാതകം സൃഷ്ടിച്ചദുഃഖത്തിന്റെ കരിനിഴൽ രണ്ടാം ദിവസമായ തിങ്കളാഴ്ചയും വയനാട്ടിൽനിന്ന് വിട്ടുമാറിയിട്ടില്ല." ആ വാർത്തയെല്ലാം ഞാൻ വായിക്കുന്നില്ല സർ. "പ്രതികളെ പിടികൂടിയെന്ന വാർത്ത കേൾക്കാൻ ജനം ആകാംക്ഷയോടെ കാതോർത്തിരിക്കുകയാണ്"" സർ, 28-ാം തീയതി 'ചന്ദ്രിക' യിൽ വന്ന വാർത്തയാണിത്. കഴിഞ്ഞ 25-10-1986-ൽ രാത്രിയിലാണ് ഈ സംഭവം. രണ്ടു

LIBRARY ARCHIVES Kerala Legislative Assembly